# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

## കേരള സ്കൂൾ പാഠ്യപദ്ധതി - 2013
# മലയാള ലിപി പരിഷ്ക്കരണം

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് ജീവൽഭാഷകൾ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കും. അച്ചടി സാങ്കേതികവിദ്യ, മലയാളം ടൈപ്പിംഗ് എന്നിവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുവേണ്ടി 1970 കളിൽ മലയാളഭാഷാ ലിപി പരിഷ്ക്കരണം കേരള സർക്കാർ നടപ്പിലാക്കി. പ്രാഥമിക ക്ലാസുകളിൽ ഭാഷാ പഠനം പ്രത്യേകിച്ച് ലേഖനം കൂടുതൽ സുഗമമാക്കുക എന്നതും ഇതിന്റെ ലക്ഷ്യമായിരുന്നു. ഡോ. എൻ.വി. കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് ഇതിനു നേതൃത്വം നൽകിയത്. ഭാഷാ ശാസ്ത്രജ്ഞർ, വൈയാകരണന്മാർ, സാഹിത്യകാരന്മാർ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവരടങ്ങിയ ഒരു വിദഗ്ദ്ധ സമിതി വികസിപ്പിച്ചെടുത്ത ലിപി വിദ്യാഭ്യാസ ക്രമവും അച്ചടിയുമായിബന്ധപ്പെട്ട സ്റ്റൈൽഷീറ്റും വിവിധതലങ്ങളിൽ ദീർഘമായ ചർച്ചകൾക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റം വരുത്തുകയും ചെയ്തു. സർക്കാരിന്റെ ഒദ്യോഗിക ഭാഷാവിഭാഗം ഇത് അംഗീകരിക്കുകയും സർക്കാർ ഉത്തരവാക്കുകയും ചെയ്തതിനെത്തുടർന്ന് മാധ്യമങ്ങളും പ്രസിദ്ധീകരണ ശാലകളും ഇത് അംഗീകരിച്ചു. ഇതിന്റെ തുടർച്ചയായിട്ടാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ (S.I.E) സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിക്കായി പുതിയ ലിപി വിന്യാസ ക്രമം സ്വീകരിച്ചത്. ഘട്ടംഘട്ടമായിട്ടാണ് പുസ്തകങ്ങളിൽ ഇത് നടപ്പിലാക്കിയത്. പുസ്തകങ്ങളുടെ ആദ്യഭാഗത്ത് പുതിയ ലിപിവിന്യാസം പ്രത്യേകമായി ഉൾപ്പെടുത്തിയിരുന്നു. നാലാം ക്ലാസിനുശേഷം ലേഖനത്തിനായി പഴയലിപി സമ്പ്രദായം ഉപയോഗിക്കണം എന്ന നിർദ്ദേശവും അന്ന് നൽകിയിരുന്നു.

അച്ചടിക്കും ലേഖനത്തിനും ഉപയോഗിക്കുന്ന ലിപിയുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ കേരളത്തിൽ തുടർന്നുകൊണ്ടിരുന്നു. കാലക്രമത്തിൽ ഉയർന്ന ക്ലാസുകളിൽ ലേഖനത്തിന് പഴയലിപി വേണം എന്ന നിർബന്ധം ഉപേക്ഷിച്ചു. ഏതുരീതിയിലും എഴുതാമെന്നായി. മൂല്യനിർണ്ണയത്തിലും ഇത് പരിഗണനാ വിഷയമല്ലാതായി. പുതിയ തലമുറ ലേഖനത്തിനും പരിഷ്ക്കരിച്ച ലിപിതന്നെ ഉപയോഗിക്കാൻ തുടങ്ങി. എന്നാൽ ലേഖനത്തിന്റെ ഭംഗി, വേഗത, തനിമ എന്നിവ ചൂണ്ടികാട്ടി സാമ്പ്രദായിക രീതിതന്നെ തുടരണം എന്ന വാദഗതി ഒരുവിഭാഗം തുടർന്നുകൊണ്ടിരുന്നു. നിലവിലുള്ള അധ്യാപകരിൽ വലിയൊരു വിഭാഗം പരിഷ്ക്കരിച്ച ലിപിതന്നെയാണ് ലേഖനത്തിനായി ഉപയോഗിക്കുന്നത്.

തൊണ്ണൂറുകളിൽ കേരളത്തിൽ കമ്പ്യൂട്ടർ വ്യാപകമായതോടുകൂടി ഡി.ടി.പി പ്രാബല്യത്തിൽ വന്നു. അഡോബ് പേജ്മേക്കർ തുടങ്ങിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് കൂട്ടക്ഷരങ്ങളിൽ ചിലത്

ചേർത്ത് ഡി.ടി.പി ചെയ്യാമെന്നായി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വീണ്ടും ലിപി വിന്യാസത്തിൽ മാറ്റം വരുത്തികൊണ്ടുള്ള സ്റ്റൈൽഷീറ്റ് പുറത്തിറക്കി. തുടർന്ന് എസ്.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി ലിപി വിന്യാസക്രമവും സ്റ്റൈൽഷീറ്റും വികസിപ്പിക്കുന്നതിനായി ഒരുവിദഗ്ദ്ധ സമിതിയെനിയോഗിച്ചു. ഡോ. ആൻഡ്രൂസ്കുട്ടി, ഡോ. വേണുഗോപാലപണിക്കർ, ഡോ. ഡി. ബഞ്ചമിൻ, ഡോ. എം.എൻ. കാരശ്ശേരി, പ്രൊഫ. എൻ.നാരായണമേനോൻ, അക്ബർ കക്കട്ടിൽ തുടങ്ങിയവർ ആ സമിതിയിൽ ഉണ്ടായിരുന്നു. അവർ തയ്യാറാക്കിയ ലിപി വിന്യാസക്രമം കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും GO(Rt) No: 3964/2003. G.Edn. dt. 30.09.2003 നമ്പർ ഉത്തരവായി ഇറങ്ങുകയും ചെയ്തു. നിലവിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

2007 ൽ സ്വതന്ത്രസോഫ്റ്റ്വെയർ ഔദ്യോഗികമായി കേരളസർക്കാർ അംഗീകരിച്ചു. ഇതിന്റെ വെളിച്ചത്തിൽ കൂട്ടരക്ഷരങ്ങൾ പിരിച്ച് അച്ചടിക്കായി ഉപയോഗിക്കുന്നതിന്റെ സാങ്കേതിക പ്രശ്നം പൂർണ്ണമയി ഇല്ലാതായി. 2010 ൽ അന്നത്തെ വിദ്യാഭ്യാസ ഉപദേശക സമിതി ചെയർമാനായ പ്രൊഫ. എം.ആർ. രാഘവവാരിയർ ലിപി വിന്യാസത്തിൽ മാറ്റംവേണം എന്ന് കരിക്കുലം കമ്മിറ്റിയിൽ ആവശ്യപ്പെട്ടു. കേരളസർക്കാർ ഇതിനായി മറ്റൊരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചു. പ്രൊഫ. എം.ആർ. രാഘവവാരിയർ, പ്രൊഫ. ഒ.എൻ.വി.കുറുപ്പ്, ഡോ. വേണുഗോപാലപണിക്കർ, ഡോ. ഡി.ബഞ്ചമിൻ തുടങ്ങിയവർ വിദഗ്ദ്ധ സമിതി അംഗങ്ങളായിരുന്നു. ഇവർ തയ്യാറാക്കിയ ലിപി വിന്യാസക്രമം ഇപ്പോൾ എസ്.സി.ഇ.ആർ.ടി യിൽ ലഭ്യമാണ്. ഇത് കരിക്കുലം കമ്മിറ്റി അംഗീകരിക്കുകയോ സർക്കാർ ഉത്തരവാക്കുകയോ ചെയ്തിട്ടില്ല.

യൂണികോഡ് ഉപയോഗിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിചയമില്ലാത്ത പുതിയ ലിപികൾ ഉപയോഗിച്ച് ധൃതിപിടിച്ച് പാഠപുസ്തകം അച്ചടിക്കരുത്. ധൃതിപിടിച്ച് ഇങ്ങനെചെയ്താൽ കുട്ടികളിൽ ആശയക്കുഴപ്പം ഉണ്ടാകാൻ സാധ്യതയുണ്ട്. മാത്രമല്ല വിവിധ ഘട്ടങ്ങളിലായി നടന്ന ലിപി പരിഷ്ക്കരണം മൂലം ഭാഷയിലുണ്ടായ മുന്നേറ്റങ്ങളെ അത് അട്ടിമറിക്കാനും സാധ്യതയുണ്ട്. പ്രയോഗംകൊണ്ട് സാധുതകല്പിച്ച രൂപങ്ങളും എഴുത്തുരീതികളും പരമ്പരാഗത വ്യാകരണത്തിന്റെ അളവുകോൽകൊണ്ട് നോക്കികാണുന്ന രീതി പുനഃസ്ഥാപിക്കും. എന്നാൽ ഭാഷയുടെ തനിമയും യുക്തി ഭദ്രതയും തകർക്കുന്ന രീതി അവലംബിക്കാനും പാടില്ല. തുടക്കക്കാരുടെ ഭാഷാപഠനത്തിന് പരിഷ്ക്കരണമുലം ഉണ്ടായിട്ടുള്ള ഗുണഫലങ്ങൾ നിലനിർത്തുകയും വേണം.

നിലവിലെ സർക്കാർ ഉത്തരവിൽ 'അച്ചടി സാങ്കേതിക വിദ്യയുടെ സാധ്യതകൾ കണക്കിലെടുത്ത് പരമാവധി കൂട്ടക്ഷരങ്ങൾ ചേർത്ത് അച്ചടിക്കുന്നതാണ് ഉചിതം'. നമ്പർ 8 എന്ന നിർദ്ദേശം ഉണ്ട്. കൂട്ടക്ഷരം ഉപയോഗിക്കാൻ കഴിയുന്നിടത്ത് അത് തുടർന്നും ഉപയോഗിക്കുക (നമ്പർ 16) എന്നതും കണക്കിലെടുത്ത് അക്ഷരങ്ങൾ ചേർത്ത് അച്ചടിക്കുന്ന രീതി മാത്രമാണ് പുതുതായി നടപ്പിലാക്കുന്നതെങ്കിൽ പ്രശ്നമില്ല. മറ്റു മാറ്റങ്ങൾ ഗൗരവമായ ചർച്ചകൾക്കുശേഷം മാത്രമേ ആകാവൂ.

തിരുവനന്തപുരം **എം.ഷാജഹാൻ**

23.10.2013 ജനറൽസെക്രട്ടറി